## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2511 19.03.2015-ൽ മറുപടിക്ക്**

**ജലവിഭവ വകുപ്പ് വഴി നടപ്പിലാക്കുന്ന എം.എൽ.എ .ആസ്തി വികസന പദ്ധതികൾ**

| ചോദ്യം<br>ശ്രീ.എം.എ.ബേബി | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എം.എൽ.എ. ആസ്തി വികസന ഫണ്ടു വഴി നടപ്പിലാക്കുന്ന കണ്ടുകളം കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | എ) | കണ്ടുകളം കുടിവെള്ള പദ്ധതിക്ക് 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ കിണർ, പമ്പ് ഹൗസ് പമ്പിംഗ് മെയിൻ വിതരണശൃംഖല, പമ്പ് സെറ്റ്, ക്ലോറിനേറ്റർ ഉൾപ്പെടെയുള്ള ഘടകങ്ങൾ ഒറ്റ പാക്കേജ് ആയിട്ടാണ് ടെണ്ടർ നടത്താനുദ്ദേശിക്കുന്നത്. ഇതിൽ കിണറിന്റെ പ്രവർത്തന എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മണ്ണ് പരിശോധന ആവശ്യമായതിനാൽ അതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഈ നടപടികൾ പൂർത്തിയായാൽ മുകളിൽ സൂചിപ്പിച്ച എല്ലാ ജോലികളും ഒറ്റപാക്കേജായി ടെണ്ടർ നടത്തുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; | ബി) | ടെണ്ടർ ചെയ്തു കഴിഞ്ഞ് പണി അവാർഡ് ചെയ്തതിനു ശേഷം ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതാണ്. |
| സി) | ജലവിഭവ വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികളിലെ കാലതാമസം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | സി) | കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പല പദ്ധതികൾക്കും പ്രതികൂല കാലാവസ്ഥ കാരണവും, പൊതു മരാമത്ത്, ദേശീയപാത റെയിൽ വേ തുടങ്ങിയ വിവിധ വകുപ്പുകളിൽ നിന്നും പൈപ്പുകൾ ഇടുന്നതിനുള്ള അനുമതി ലഭിക്കാത്തതു കൊണ്ടും പദ്ധതിക്കാ - |

| | | | |
|---|---|---|---|
| | | | വശ്യമായ സ്ഥലം യഥാസമയം ലഭിക്കാത്തതുകൊണ്ടും മറ്റും കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കുവാൻ ജല അതോറിറ്റിയുടെ ഭാഗത്തുനിന്നും ചെയ്യേണ്ട കാര്യങ്ങൾ സമയബന്ധിത മായി ചെയ്യുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ച് വരുന്നു. |
| ഡി) | എം.എൽ.എ .ആസ്തി വികസന പദ്ധതികളിൽ പലതിനും ജലവിഭവ വകുപ്പിന്റെ സംസ്ഥാനതല ഓഫീസിൽ വലിയ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ഡി) & ഇ) | കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടാൽ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| ഇ) | ഇതു സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ